# സൂറ – 28 / അൽ ഖസ്വസ്വ്

**സൂക്തം: 26 – 28**

മൂസാ(അ)യുടെ അന്നത്തെ സാഹചര്യത്തിൽ പ്രതീക്ഷിക്കാവുന്നതിലും എത്രയോ ഉയരത്തിലുള്ള വാഗ്ദാനമാണ് ആ പിതാവ് മുന്നോട്ടുവെച്ചിരിക്കുന്നത്. നിർഭയമായി തലചായ്ക്കാൻ ഒരിടം കിട്ടുന്നതുതന്നെ മൂസാ(അ)യെ സംബന്ധിച്ചേടത്തോളം അന്ന് വലിയ അനുഗ്രഹമായിരുന്നു. ഇവിടെ അഭയത്തോടൊപ്പം സ്ഥിരം തൊഴിലും ലഭിച്ചിരിക്കുകയാണ്. സർവോപരി, കുലീന കുടുംബത്തിൽനിന്നുള്ള ഒരു യുവതിയെ ഭാര്യയായും. ജീവനും കൊണ്ട് ഊരു താണ്ടുന്ന ഒരു പലായകന് സ്വപ്നം കാണാനാവത്തതാണത്.



قَالَتْ إِحْدَاهُمَا يَا أَبَتِ اسْتَأْجِرْهُ ۖ إِنَّ خَيْرَ مَنِ اسْتَأْجَرْتَ الْقَوِيُّ الْأَمِينُ ﴿٢٦﴾

26. ആ സ്ത്രീകളിലൊരുവൾ പറഞ്ഞു: പ്രിയ പിതാവേ, ഇയാളെ ഇവിടെ വേലക്കു വെച്ചാലും. അങ്ങ് വെക്കുന്ന ഏറ്റവും നല്ല വേലക്കാരൻ കരുത്തനും വിശ്വസ്തനും തന്നെയാണല്ലോ.

**26**

قَالَتْ إِحْدَاهُمَا= (ആ) രണ്ടു സ്ത്രീകളിലൊരുവൾ പറഞ്ഞു يَا أَبَتِ= പ്രിയ പിതാവേ

اسْتَأْجِرْهُ ۖ= (അയാളെ അങ്ങ് വേലക്കു വെച്ചാലും) കൂലിക്ക് നിശ്ചയിക്കുക

إِنَّ خَيْرَ مَنِ اسْتَأْجَرْتَ = അങ്ങ് വേലക്കു വെച്ച ഏറ്റവും നല്ലവൻ (അങ്ങ് വെക്കുന്ന ഏറ്റം നല്ല വേലക്കാരൻ)

الْقَوِيُّ الْأَمِينُ = വിശ്വസ്തനായ ശക്തൻ(കരുത്തനും വിശ്വസ്തനും തന്നെയാണല്ലോ)

ഈ രണ്ടിലൊരുവൾ ഗൃഹനാഥന്റെ രണ്ടാമത്തെ മകളായ സ്വഫൂറ ആണെന്ന് മുഫസ്സിറുകൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. പിതാവിന്റെ നിർദേശ പ്രകാരം മൂസാ(അ)യെ വീട്ടിലേക്ക് ക്ഷണിക്കാൻ പോയതും ഈ കുട്ടിയായിരുന്നു. പിന്നീട് മൂസാ (അ) വിവാഹം ചെയ്തതും ഇവരെയാണ്. തങ്ങളുടെ കാലികളെ മേയ്ക്കാൻ മൂസായെ തൊഴിലാളിയായി നിശ്ചയിക്കാൻ പിതാവിനോട് ശിപാർശ ചെയ്യുകയാണവർ. തൊഴിലാളിക്കുണ്ടായിരിക്കേണ്ട ഏറ്റവും പ്രധാനമായ ഗുണങ്ങൾ കായബലവും വിശ്വസ്തതയുമാണല്ലോ. പട്ടിണി കൊണ്ടും ദീർഘ യാത്ര കൊണ്ടും തൽക്കാലം അവശനായിട്ടുണ്ടെങ്കിലും യഥാർഥത്തിൽ അദ്ദേഹം ആരോഗ്യവാനും കരുത്തനുമാണെന്ന് കാണുന്നവർക്ക് ഒറ്റനോട്ടത്തിൽതന്നെ മനസ്സിലാകുമായിരുന്നു. തങ്ങളോട് കാണിച്ച സഹാനുഭൂതിയും സേവന സന്നദ്ധതയും വളരെ മാന്യമായ പെരുമാറ്റവും അദ്ദേഹത്തിന്റെ വിശ്വസ്തതയും അവരെ ബോധ്യപ്പെടുത്തി. മൂസാ (അ) കരുത്തനും വിശ്വസ്തനുമാണെന്ന് നീ എങ്ങനെ അറിഞ്ഞു എന്നു ആരാഞ്ഞ പിതാവിനോട് ആ യുവതി ഇങ്ങനെ മറുപടി പറഞ്ഞതായി ഇസ്രായേലീ കഥകളിലുണ്ട്: ഇടയന്മാർ കൂടിനിന്ന കിണറ്റിൽനിന്ന് അൽപം മാറി മറ്റൊരു കിണറുണ്ടായിരുന്നു. പുരുഷന്മാരുമായി മത്സരിക്കാതെ സ്ത്രീകൾക്ക് മാറിനിന്ന് വെള്ളം കോരാൻ പാകത്തിലുള്ളതായിരുന്നു അത്. പക്ഷേ, അതിന്റെ വായ് വട്ടം ഭാരമേറിയ ഒരു കല്ലു വന്ന് മൂടിക്കിടക്കുകയായിരുന്നു. പത്തു പേരെങ്കിലും ഒത്തു പിടിക്കാതെ പൊക്കാനാവാത്ത ആ കല്ല് അദ്ദേഹം ഒറ്റക്ക് പൊക്കി മാറ്റി കിണർ തുറന്നു തന്നതിൽനിന്ന് അദ്ദേഹം അതിശക്തനാണെന്ന് ഞങ്ങൾ മനസ്സിലാക്കി. അദ്ദേഹത്തെ വീട്ടിലേക്ക് ക്ഷണിച്ചുകൊണ്ടുവരുമ്പോൾ വഴികാട്ടിയായി മുന്നിൽ നടക്കാൻ എന്നെ അനുവദിച്ചില്ല. എന്റെ അങ്കി കാറ്റിൽ പാറിപ്പറന്ന് ചില ശരീരഭാഗങ്ങൾ നഗ്നമാകുന്നത് കാണാൻ ഇഷ്ടപ്പെടാത്തതുകൊണ്ടായിരുന്നു അത്. അദ്ദേഹം തന്നെ മുന്നിൽ നടന്നു. തനിക്ക് വഴി തെറ്റുമ്പോൾ യഥാർഥത്തിൽ പോകേണ്ട ദിശയിലേക്ക് കല്ലെറിഞ്ഞ് സൂചിപ്പിക്കാനാണ് എന്നോടാവശ്യപ്പെട്ടത്. അദ്ദേഹം അങ്ങേയറ്റം വിശ്വസ്തനും മാന്യനുമാണെന്ന് അതിൽനിന്ന് വ്യക്തമാണല്ലോ.

മൂലത്തിലെ اسْتَأْجِرْهُ-വും اسْتَأْجَرْتَ -യും നേരത്തേ പരാമർശിച്ച أجر-ൽനിന്നുള്ളതാണ്. أجر-ന് വേതനം, പാട്ടം തുടങ്ങിയ അർഥങ്ങൾ കൂടിയുണ്ട്. വാടകക്കെടുക്കുന്നതിനും പാട്ടത്തിനെടുക്കുന്നതിനും കൂലിക്ക് തൊഴിലാളിയെ ഏർപ്പെടുത്തുന്നതിനും استئجار എന്നു പറയും. ■

قَالَ إِنِّي أُرِيدُ أَنْ أُنكِحَكَ إِحْدَى ابْنَتَيَّ هَاتَيْنِ عَلَىٰ أَن تَأْجُرَنِي ثَمَانِيَ حِجَجٍ ۖ فَإِنْ أَتْمَمْتَ عَشْرًا فَمِنْ عِندِكَ ۖ وَمَا أُرِيدُ أَنْ أَشُقَّ عَلَيْكَ ۚ سَتَجِدُنِي إِن شَاءَ اللَّهُ مِنَ الصَّالِحِينَ ﴿٢٧﴾

27. ആ പെൺകുട്ടികളുടെ പിതാവ് പറഞ്ഞു: ഈ രണ്ട് പെൺമക്കളിൽ ഒരുവളെ നിങ്ങൾക്ക് വിവാഹം ചെയ്തുതരാൻ ഞാൻ ആഗ്രഹിക്കുന്നു; എട്ടുകൊല്ലം നിങ്ങൾ എനിക്കു വേല ചെയ്യണം എന്ന വ്യവസ്ഥയിൽ. പത്തു കൊല്ലം പൂർത്തീകരിച്ചുവെങ്കിൽ അത് നിങ്ങളുടെ ഇഷ്ടം. നിങ്ങളെ പീഡിപ്പിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. ദൈവേഛയുണ്ടെങ്കിൽ, ഞാനൊരു സന്മാർഗിയാണെന്ന് പിന്നീട് നിങ്ങൾക്ക് ബോധ്യമാകും.

قَالَ ذَٰلِكَ بَيْنِي وَبَيْنَكَ ۖ أَيَّمَا الْأَجَلَيْنِ قَضَيْتُ فَلَا عُدْوَانَ عَلَيَّ ۖ وَاللَّهُ عَلَىٰ مَا نَقُولُ وَكِيلٌ ﴿٢٨﴾

28. മൂസാ സമ്മതിച്ചു: ഇതു നമ്മൾ തമ്മിൽ സ്ഥിരപ്പെടുത്തിയ കരാറാകുന്നു. രണ്ടിൽ ഏതു കാലാവധി പൂർത്തിയാക്കിയാലും പിന്നെ എന്നോട് വിരോധമരുത്. നാമിപ്പറയുന്നതിന് അല്ലാഹു സാക്ഷിയാകുന്നു.

**27,28**

قَالَ= അവൻ (ആ പെൺകുട്ടികളുടെ പിതാവ്) പറഞ്ഞു إِنِّي أُرِيدُ= ഞാൻ ഉദ്ദേശി(ആഗ്രഹി)ക്കുന്നു

أَنْ أُنكِحَكَ= ഞാൻ നിനക്കു വിവാഹം ചെയ്തുതരാൻ إِحْدَى ابْنَتَيَّ هَاتَيْنِ= എന്റെ ഈ രണ്ടു പെൺമക്കളിൽ ഒരുവളെ

عَلَىٰ أَن تَأْجُرَنِي= നിങ്ങൾ എനിക്കു വേല ചെയ്യ(ണം എന്ന വ്യവസ്ഥ) ുന്നതിന്മേൽ

ثَمَانِيَ حِجَجٍ= എട്ടു വർഷങ്ങൾ فَإِنْ أَتْمَمْتَ= ഇനി നിങ്ങൾ പൂർത്തീകരിച്ചുവെങ്കിൽ عَشْرًا= പത്ത് (കൊല്ലം)

فَمِنْ عِندِكَ= അതു നിങ്ങളുടെ (ഇഷ്ടം) പക്കൽനിന്നുള്ളതാകുന്നു وَمَا أُرِيدُ= ഞാൻ ഉദ്ദേശിക്കുന്നില്ല

أَنْ أَشُقَّ عَلَيْكَ= ഞാൻ നിങ്ങളുടെ മേൽ ക്ലേശമുണ്ടാക്കാൻ (പീഡിപ്പിക്കാൻ)

سَتَجِدُنِي= ശേഷം എന്നെ നിങ്ങൾ കാണും (പിന്നീട് എന്നെ നിങ്ങൾക്ക് ബോധ്യമാകും)

إِن شَاءَ اللَّهُ= അല്ലാഹു ഉദ്ദേശിച്ചാൽ (ദൈവേഛയുണ്ടെങ്കിൽ)

مِنَ الصَّالِحِينَ= സച്ചരിതരിൽപെട്ടവനെന്ന് (ഞാനൊരു സന്മാർഗിയാണെന്ന്) قَالَ= അവൻ പറഞ്ഞു (മൂസാ സമ്മതിച്ചു)

ذَٰلِكَ بَيْنِي وَبَيْنَكَ = അതു നിങ്ങൾക്കും എനിക്കും ഇടയിൽ ഉള്ളതാകുന്നു (നമ്മൾ തമ്മിൽ സ്ഥിരപ്പെടുത്തിയ കരാറാകുന്നു)

أَيَّمَا الْأَجَلَيْنِ قَضَيْتُ= രണ്ടു കാലാവധികളിൽ ഞാൻ ഏതു പൂർത്തിയാക്കിയാലും

فَلَا عُدْوَانَ عَلَيَّ= എന്റെ മേൽ അതിക്രമമില്ല (പിന്നെ എന്നോടു വിരോധമരുത്)

وَاللَّهُ عَلَىٰ مَا نَقُولُ= നാം (ഈ) പറയുന്നതിന്മേൽ അല്ലാഹു وَكِيلٌ= വക്കീൽ (സാക്ഷി) ആകുന്നു

ആ പിതാവ് പുത്രിയുടെ ശിപാർശ സ്വീകരിച്ച് മൂസായെ തന്റെ ജോലിക്കാരനായി നിർത്താൻ സമ്മതിച്ചു. മൂസാ(അ)യുടെ വ്യക്തിത്വവും അദ്ദേഹം നേരിടുന്ന പ്രതിസന്ധിയും തങ്ങളുടെ ആവശ്യവും എല്ലാം പരിഗണിച്ചുകൊണ്ടുള്ളതായിരുന്നു ആ സമീപനം. മൂസാ ഒറ്റപ്പെട്ട പരദേശിയാണ്, നിരാലംബനാണ്. അദ്ദേഹത്തിന് ഒരഭയസ്ഥാനം വേണം. യൗവനം മുറ്റിയ ഒരു യുവാവെന്ന നിലയിൽ ജീവിതം പങ്കിടാൻ ഒരു തുണയും വേണം. അങ്ങനെ ഒറ്റപ്പെടലിൽനിന്നും നിരാശ്രയത്വത്തിൽനിന്നും മുക്തനാകണം. തന്റെ വീട്ടിലാണെങ്കിൽ താനല്ലാതെ വേറെ ആണുങ്ങളാരുമില്ല. കാലികളെ മേയ്ക്കാനും അവക്ക് വെള്ളം കൊടുക്കാനുമൊക്കെ അബലകളായ പെൺകുട്ടികൾ തന്നെ പോകേണ്ടിവരുന്നു. മൂസായെപ്പോലൊരു യുവാവിന്റെ സേവനം തനിക്കു വലിയ തണലും സുരക്ഷയുമാകും. പെൺമക്കൾക്ക് വിവാഹപ്രായമായിരിക്കുന്നു. അവരിലൊരാളെ വിശ്വസിച്ച് ഏൽപിച്ചുകൊടുക്കാൻ എന്തുകൊണ്ടും പറ്റിയതാണ് കുലീനനും സംസ്കാരസമ്പന്നനുമായ മൂസായുടെ ബലിഷ്ട ഹസ്തങ്ങൾ. അതോടെ അദ്ദേഹം തന്റെ കുടുംബത്തിലെ ഒരംഗമായിത്തീരും. വിവാഹം കഴിഞ്ഞ ഉടനെ അദ്ദേഹം ഭാര്യയെയും കൊണ്ട് ദേശാടനത്തിനിറങ്ങിയാൽ തന്റെ ഉദ്ദേശ്യം നടക്കില്ല. അദ്ദേഹത്തിനും തന്റെ മകൾക്കും അതപകടകരമാകും. പോകാൻ ഒരിടമില്ലാത്ത അദ്ദേഹം അങ്ങനെ ആഗ്രഹിക്കുകയുമില്ല. ഇരു കക്ഷികളുടെയും ആവശ്യങ്ങളും താൽപര്യങ്ങളും പൂർത്തീകരിക്കാനുതകുന്ന ഒരു വിവാഹക്കരാർ അദ്ദേഹം മൂസാ(അ)യുടെ മുന്നിൽ അവതരിപ്പിച്ചു. എന്റെ ഈ രണ്ട് പെൺമക്കളിൽ താങ്കൾക്ക് ഇഷ്ടമുള്ളവളെ താങ്കൾക്ക് വിവാഹം ചെയ്തുതരാം. വിവാഹമൂല്യമായി ഒന്നും തരാൻ താങ്കളുടെ ഇപ്പോഴത്തെ അവസ്ഥയിൽ സാധിക്കില്ലെന്നറിയാം. വിവാഹമൂല്യത്തിനു പകരം താങ്കൾ എട്ടു വർഷം എന്റെ ജോലിക്കാരനായി എന്റെ കാലികളെ മേയ്ക്കണം. എട്ടു വർഷമെന്നത് പത്തു വർഷമായി ദീർഘിപ്പിക്കുകയാണെങ്കിൽ അത് താങ്കളുടെ ഇഷ്ടം. ഞാൻ താങ്കളെ പീഡിപ്പിക്കുകയോ

നിർബന്ധിക്കുകയോ ഇല്ല. ഞാനൊരു സന്മാർഗനിഷ്ഠനായ വ്യക്തിയാണെന്ന് തീർച്ചയായും വൈകാതെ താങ്കൾക്ക് മനസ്സിലാകും. أجر -യുടെ വർത്തമാന രൂപമാണ് تأجر. നിങ്ങൾ എന്റെ കൂലിക്കാരനായി വേല ചെയ്യുക എന്ന ഉപാധിയിൽ എന്നാണ് عَلَىٰ أَن تَأْجُرَنِي-യുടെ അർഥം. حِجّ -ന്റെ ബഹുവചനമാണ് حِجَجْ. ഇതിന്റെ മൂലം حج ആണ്. ലക്ഷ്യം വെച്ചുള്ള സഞ്ചാരവും തീർഥാടനവുമാണ് حج. ചാന്ദ്രവർഷത്തിന്റെ അവസാനമാസത്തിലാണല്ലോ ഹജ്ജ് തീർഥാടനം. അതുകൊണ്ട് ആ മാസത്തിന് 'ദുൽഹജ്ജ്' (ഹജ്ജുടയത്) എന്ന പേർ വന്നു. മലയാളികൾ അവരുടെ വർഷത്തെ എട്ടോണം പത്തോണം എന്നൊക്കെ എണ്ണുന്നതുപോലെ അറബികൾ അവരുടെ വർഷത്തെ ഒരു ഹിജ്ജ്, പത്തു ഹിജ്ജ് എന്നും എണ്ണിത്തുടങ്ങി. പ്രമാണത്തിനും തെളിവിനും حُجة എന്നു പറയും. حِجَاج വാഗ്വാദവും احتجاج പ്രമാണങ്ങളിലൂടെ സ്വന്തം വീക്ഷണം സമർഥിക്കലുമാണ്.

എട്ടാണ്ട് പണിയെടുത്താൽ കരാറ് നടപ്പിലായിക്കഴിഞ്ഞു. തുടർന്ന് ജോലി ചെയ്യാൻ മൂസാ(അ)ക്ക് ബാധ്യതയില്ല. എങ്കിലും രണ്ടു വർഷം കൂടി പണിയെടുത്ത് പത്തു വർഷം പൂർത്തിയാക്കുകയാണ് അവർ തമ്മിലുള്ള ഇടപാടിന്റെ പരിപൂർണമായ സാക്ഷാത്കാരം. ഒരു കാര്യത്തിന്റെ അവശ്യ ഘടകങ്ങൾ ഒത്താൽ ആ കാര്യം നടന്നു എന്നു പറയാം. അതിന്റെ മിനുക്കുപണികൾ കൂടി കഴിയുമ്പോഴേ അത് സമ്പൂർണമാകൂ. തറയും ചുമരുകളും മേൽപുരയും വാതിലുകളും പണിതാൽ വീടായി. തേപ്പ്, പെയിന്റിംഗ് തുടങ്ങിയ ഫിനിഷിംഗ് വർക്കുകൾ കൂടി ചെയ്യുമ്പോഴേ അതിന്റെ إتمام ആകൂ. കരാറിന്റെ നിർബന്ധ ഭാഗം എട്ടു വർഷത്തെ ജോലിയാണ്. മൂസാ(അ)ക്കു കൂടി സമ്മതമാണെങ്കിൽ രണ്ടു വർഷവും കൂടി തുടർന്ന് ഫിനിഷ് ചെയ്യാം എന്നാണ് പെൺകുട്ടിയുടെ പിതാവ് പറയുന്നത്.

മൂസാ(അ)യുടെ അന്നത്തെ സാഹചര്യത്തിൽ പ്രതീക്ഷിക്കാവുന്നതിലും എത്രയോ ഉയരത്തിലുള്ള വാഗ്ദാനമാണ് ആ പിതാവ് മുന്നോട്ടുവെച്ചിരിക്കുന്നത്. നിർഭയമായി തലചായ്ക്കാൻ ഒരിടം കിട്ടുന്നതുതന്നെ മൂസാ(അ)യെ സംബന്ധിച്ചേടത്തോളം അന്ന് വലിയ അനുഗ്രഹമായിരുന്നു. ഇവിടെ അഭയത്തോടൊപ്പം സ്ഥിരം തൊഴിലും ലഭിച്ചിരിക്കുകയാണ്. സർവോപരി, കുലീന കുടുംബത്തിൽനിന്നുള്ള ഒരു യുവതിയെ ഭാര്യയായും. ജീവനും കൊണ്ട് ഊരു താണ്ടുന്ന ഒരു പലായകന് സ്വപ്നം കാണാനാവാത്തതാണത്. അദ്ദേഹം ആ ഓഫർ ഉടനെ സ്വീകരിച്ചു. ذَٰلِكَ بَيْنِي وَبَيْنَكَ -യുടെ വാക്കർഥം അത് എനിക്കും നിങ്ങൾക്കും ഇടയിൽ ആകുന്നു എന്നാണ്. നാം ഇരു കക്ഷികളും പൂർണ സമ്മതത്തോടെ സ്ഥിരപ്പെടുത്തിയ കരാറാണിത് എന്ന അർഥത്തിലുള്ള പ്രയോഗമായിട്ടാണിത് ഉപയോഗിച്ചിരിക്കുന്നത്. കരാർ ഉറപ്പിക്കുമ്പോൾ താൻ പൂർത്തിയാക്കാൻ പോകുന്ന കാലാവധി എട്ടു വർഷമാണോ പത്തു വർഷമാണോ എന്ന് മൂസാ(അ) നിർണയിച്ചില്ല. അത് സൗകര്യാനുസരണം പൂർത്തീകരിക്കാനുള്ള സ്വാതന്ത്ര്യം തന്നിൽ നിലനിർത്തുകയായിരുന്നു. എട്ടാണ്ട് കഴിഞ്ഞ് പിരിഞ്ഞുപോകേണ്ടിവന്നാൽ ഞാൻ പിരിഞ്ഞുപോകും. അങ്ങക്ക് അതിൽ അനിഷ്ടമോ അസൗകര്യമോ ഉണ്ടായാലും എന്നെ തടയുകയോ വിരോധം ഭാവിക്കുകയോ ചെയ്യരുത്. ഒരുപക്ഷേ പത്തു വർഷം പൂർത്തിയാക്കാൻ ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ, താങ്കൾക്ക് എന്റെ സേവനം ആവശ്യമില്ലെങ്കിലും എന്നെ തുടരാൻ അനുവദിക്കണം. അതിലും വിരോധമുണ്ടാവരുത്. മൂസാ(അ) തെരഞ്ഞെടുത്തത് രണ്ടാമത്തെ പെൺകുട്ടിയായ സ്വഫൂറയെയും പൂർത്തിയാക്കിയത് പത്തു വർഷത്തെ സേവനവുമാണെന്ന് മുഹമ്മദ് നബി (സ) പ്രസ്താവിച്ചതായി നിവേദനങ്ങളുണ്ട്. 'നാം തമ്മിലുണ്ടാക്കുന്ന ഈ ഉടമ്പടിക്ക് അല്ലാഹു സാക്ഷിയാകുന്നു' എന്നാണ് وَاللَّهُ عَلَىٰ مَا نَقُولُ وَكِيلٌ എന്ന വാക്യത്തിന്റെ താൽപര്യം. കാര്യനിർവഹണം ഏൽപിക്കപ്പെടുന്നയാളാണ് وَكِيلٌ. സാക്ഷിക്ക് ഈ സന്ദർഭത്തിൽ شهيد-ന് പകരം وَكِيلٌ ഉപയോഗിച്ചത് ഇങ്ങനെ ഒരാശയം ഉൾക്കൊള്ളുന്നു. നാം തമ്മിലുള്ള ഈ കരാർ നിർവഹണത്തിന് മേൽനോട്ടം അല്ലാഹുവിങ്കൽ സമർപ്പിച്ചിരിക്കുന്നു. ഏതെങ്കിലും കക്ഷി കരാർ വ്യവസ്ഥയിൽ വീഴ്ച വരുത്തിയാൽ അല്ലാഹു അയാൾക്കെതിരെ നടപടിയെടുക്കും.

ഈ സൂക്തങ്ങളിൽനിന്ന് കർമശാസ്ത്രകാരന്മാർ ചില വിധികൾ നിർധാരണം ചെയ്തിരിക്കുന്നു: 1. പെൺകുട്ടികളുടെ വിവാഹകാര്യത്തിൽ സ്വതന്ത്രമായ തീരുമാനമെടുക്കാൻ അധികാരമുള്ള രക്ഷിതാവാണ് പിതാവ്. സ്ത്രീകൾക്ക് രക്ഷാകർതൃ സ്ഥാനമില്ല. വധുവിന്റെ സമ്മതം തേടാതെയും വേണമെങ്കിൽ അവളുടെ വിസമ്മതം മാനിക്കാതെയും പിതാവിന് ഇഷ്ടമുള്ളവർക്ക് അവളെ വിവാഹം ചെയ്തു കൊടുക്കാവുന്നതാണ്. വിവാഹം സാധുവാകാൻ -ഇൻകാഹ്- തസ്‌വീജ് എന്നീ വാക്കുകളിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കേണ്ടത് നിർബന്ധമാണെന്നും ശാഫിഈകൾ ഈ സൂക്തത്തെ ആധാരമാക്കി വാദിച്ചിട്ടുണ്ട്. വിവാഹത്തെക്കുറിക്കുന്ന ഏതു പദം കൊണ്ടും വിവാഹ ഉടമ്പടി സാധുവാകുമെന്നാണ് മാലികി-ഹനഫി മദ്ഹബുകൾ.

2. സേവനം വിവാഹമൂല്യമാക്കുന്നത് സാധുവാകുന്നു. എട്ടു വർഷത്തെ ജോലിയാണല്ലോ മൂസാ(അ)യോട് ആവശ്യപ്പെട്ട വിവാഹമൂല്യം. ഇസ്‌ലാമിക ശരീഅത്തിലും ഇതംഗീകരിക്കപ്പെട്ടിരിക്കുന്നു. പ്രമുഖ മുഹദ്ദിസുകൾ നിവേദനം ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ കാണാം: ഒരു സ്ത്രീ വന്ന് താൻ പ്രവാചകന് സ്വയം സമർപ്പിക്കുന്നതായി അറിയിച്ചു. പ്രവാചകന് അവരിൽ താൽപര്യമില്ലെന്ന് വ്യക്തമായപ്പോൾ ശിഷ്യന്മാരിലൊരാൾ പറഞ്ഞു: ''അങ്ങേക്ക് താൽപര്യമില്ലെങ്കിൽ എനിക്ക് വിവാഹം ചെയ്തുതരിക.'' പ്രവാചകൻ ചോദിച്ചു: ''അവർക്ക് വിവാഹമൂല്യം കൊടുക്കാൻ നിന്റെ കൈയിൽ എന്തുണ്ട്?'' അയാൾ ഒന്നുമില്ലെന്ന് അറിയിച്ചപ്പോൾ ഒടുവിൽ നബി(സ) ചോദിച്ചു: ''ഒരു ഇരുമ്പു മോതിരമെങ്കിലും ഉണ്ടോ എന്നു നോക്കൂ.'' അതും ഇല്ലെന്നു പറഞ്ഞപ്പോൾ നബി ചോദിച്ചു: ''നീ ഖുർആൻ വല്ലതും പഠിച്ചിട്ടുണ്ടോ?'' അയാൾ പറഞ്ഞു: ''എനിക്ക് ഇന്നയിന്ന സൂറകൾ അറിയാം.'' പ്രവാചകൻ: ''നീ പഠിച്ച ഖുർആനിൽനിന്ന് 20 സൂക്തങ്ങൾ അവളെ പഠിപ്പിക്കുക. അവൾ നിന്റെ ഭാര്യയായിരിക്കും.''

3. വിവാഹമൂല്യത്തിന്റെ അളവ് ഇരു കക്ഷികളും സ്ഥിരപ്പെടുത്തിക്കൊള്ളണമെന്നില്ല. മൂസാ(അ)യും ശ്വശുരനും സേവനകാലം എട്ടു വർഷമോ പത്തു വർഷമോ എന്ന് കൃത്യമായി നിർണയിക്കുകയുണ്ടായില്ലല്ലോ. സേവനത്തിന്റെ സ്വഭാവവും ഏകദേശ അളവും പ്രസ്താവിച്ചാൽ വിവാഹം സാധുവാകും.

4. വിവാഹമൂല്യം വധു നേരിട്ട് കൈപ്പറ്റണമെന്നോ അതിന്റെ ഗുണഭോക്താവ് വധു തന്നെ ആയിരിക്കണമെന്നോ

നിർബന്ധമില്ല. ഗുണഭോക്താവ് രക്ഷിതാവ് ( وَلِيّ ) ആകാവുന്നതാണ്. മൂസാ(അ)യുടെ സേവനത്തിന്റെ ഗുണഭോക്താവ് ശ്വശുരൻ ആണല്ലോ.

5. വിവാഹ ഉടമ്പടിക്ക് സാക്ഷികൾ നിർബന്ധമില്ല. ഇവിടെ വിവാഹ ഉടമ്പടി നടത്തുന്നത് മൂസാ(അ)യും ശ്വശുരനും മാത്രമാണല്ലോ. ഭൂരിപക്ഷം പണ്ഡിതന്മാരും ഈ വിധിക്കെതിരാണ്. വിവാഹമോചനത്തിന് സാക്ഷികൾ നിർബന്ധമാണെന്നിരിക്കെ വിവാഹ ഉടമ്പടിക്ക് സാക്ഷികൾ വേണ്ടെന്നു വരുന്നത് അയുക്തികമാണെന്നാണവരുടെ നിലപാട്. വിവാഹ ഉടമ്പടി കച്ചവട ഇടപാട് പോലെയാണെന്നും അത് കക്ഷികൾക്ക് മാത്രം നടത്താവുന്നതാണെന്നുമത്രെ മറുപക്ഷത്തിന്റെ നിലപാട്.

6. ദിവസക്കൂലിക്കെന്ന പോലെ മാസപ്പടിക്കും വർഷാന്തവേതനത്തിനുമെല്ലാം തൊഴിലാളികളെ നിശ്ചയിക്കാവുന്നതാണ്. മാസത്തിനോ വർഷത്തിനോ തൊഴിലാളിയെ നിശ്ചയിക്കുമ്പോൾ അയാളുടെ താമസവും ഭക്ഷണവും തൊഴിലുടമയുടെ ബാധ്യതയാണ്. അക്കാലത്ത് അത് സാധാരണമായിരുന്നതിനാലാണ് ഈ കരാറിൽ അക്കാര്യം പരാമർശിക്കാതിരുന്നത്. മൂസാ സദാചാരത്തിനും വയറ്റുപിഴപ്പിനും വേണ്ടി തന്നെത്തന്നെ എട്ടോ പത്തോ വർഷം കൂലിക്ക് കൊടുക്കുകയായിരുന്നുവെന്ന് നബി(സ) പ്രസ്താവിച്ചതായി ഇബ്നുമാജ ഉദ്ധരിക്കുന്നുണ്ട്. യഥാർഥത്തിൽ മൂസാ(അ)യുടെ വേതനം ഭക്ഷണവും വസ്ത്രവുമായിരുന്നുവെന്നാണ് ഹമ്പലികളുടെ നിലപാട്.

ഇത്തരം കർമശാസ്ത്ര വിധികളിൽ നടേ സൂചിപ്പിക്കപ്പെട്ടതുപോലെ ധാരാളം തർക്കവിതർക്കങ്ങളുണ്ട്. ഖുർആൻ പൂർവ പ്രവാചകന്മാരുടെ ചരിത്രകഥനങ്ങളിൽ പരാമർശിക്കുന്ന നടപടികൾ ആ പ്രവാചകന്മാരുടെ ശരീഅത്തുമായി ബന്ധപ്പെട്ടതായിരിക്കും. അവയിൽ മുഹമ്മദീയ ശരീഅത്ത് പരാമർശിച്ചിട്ടില്ലാത്ത കാര്യങ്ങൾ മാത്രമേ മുഹമ്മദീയ സമുദായത്തിൽ പ്രമാണങ്ങളാകൂ. മുകളിൽ പറഞ്ഞ കർമശാസ്ത്ര പ്രശ്നങ്ങളിൽ വ്യക്തമായ നിയമങ്ങൾ നിർധാരണം ചെയ്യാൻ പര്യാപ്തമായ ഖുർആൻ സൂക്തങ്ങളും സുന്നത്തുകളും വേറെ തന്നെയുണ്ട്. എന്നിരിക്കെ അത്തരം വിഷയങ്ങളിൽ വിധി തേടാൻ ഈ സൂക്തങ്ങളെ അവലംബിക്കേണ്ടതില്ല. വിവാഹം നടത്തുമ്പോൾ പെൺകുട്ടിയുടെ സമ്മതം ചോദിക്കണമെന്ന് സുന്നത്തിലൂടെ സ്ഥിരപ്പെട്ടിട്ടുള്ളതാണ്. മൂസാ നബിയുടെ ശ്വശുരൻ തന്റെ മകളോട് വിവാഹം നടത്താൻ സമ്മതം ചോദിച്ചതായി ഈ സൂക്തം പറയുന്നില്ല എന്നത് ആ ഖണ്ഡിത നിയമത്തെ ദുർബലപ്പെടുത്താൻ പര്യാപ്തമായ തെളിവാകുന്നില്ല. 'ഞാൻ ഈ പെൺകുട്ടികളിലൊരാളെ നിങ്ങൾക്ക് വിവാഹം ചെയ്തുതരാൻ ആഗ്രഹിക്കുന്നു' എന്ന അദ്ദേഹത്തിന്റെ പ്രസ്താവന വിവാഹവാഗ്ദാനമാണ്. വിവാഹം അതിനു ശേഷമാണല്ലോ നടക്കുക. അപ്പോൾ അദ്ദേഹം മകളോട് സമ്മതം ചോദിച്ചിട്ടില്ലെന്ന് എങ്ങനെ ഉറപ്പിക്കും? അദ്ദേഹം ഈ വിവാഹവാഗ്ദാനം മുന്നോട്ടുവെക്കുന്നത് പെൺകുട്ടിയുടെ സാന്നിധ്യത്തിലാണെന്ന് സന്ദർഭത്തിൽനിന്ന് സ്പഷ്ടമാകുന്നു. വല്ല വിയോജിപ്പുമുണ്ടെങ്കിൽ അപ്പോൾ അവൾക്കത് പ്രകടിപ്പിക്കാമായിരുന്നു. അതുണ്ടായില്ല. വിവാഹ കാര്യത്തിൽ പെൺകുട്ടിയുടെ മൗനം സമ്മതമാണെന്നും പ്രമാണമുണ്ടല്ലോ.

വൈവാഹിക നിയമങ്ങൾ പ്രസ്താവിക്കുകയല്ല ഇവിടെ മൂസാ ചരിത്രവുമായി ബന്ധപ്പെട്ട സൂക്തങ്ങളുടെ ലക്ഷ്യം. അല്ലാഹു അവന്റെ പദ്ധതികൾ നടപ്പാക്കാൻ സ്വീകരിക്കുന്ന മാർഗങ്ങൾ വിശദീകരിക്കുകയാണിവിടെ. ആ മാർഗങ്ങൾ പലപ്പോഴും മനുഷ്യന്റെ സങ്കൽപത്തിൽ പോലും വരാത്തത്ര വിചിത്രവും നിഗൂഢവുമായിരിക്കും. മൂസാ(അ) ജനിച്ചുവീണ ഉടനെ കൊല്ലപ്പെടേണ്ടതായിരുന്നു. അല്ലെങ്കിൽ നദിയിൽ മുങ്ങിപ്പോകേണ്ടതായിരുന്നു. അത്ഭുതകരമായ രീതിയിൽ അദ്ദേഹം രക്ഷപ്പെടുന്നു. രാജകൊട്ടാരത്തിൽ രാജകുമാരനെപ്പോലെ വളർന്ന് വലുതാകുന്നു. യൗവനത്തിൽ പിന്നെയും കൊലക്കയർ അദ്ദേഹത്തിനു നേരെ നീണ്ടുവരുന്നു. ഫറവോന്റെ സേവകർ അദ്ദേഹത്തെ പിടികൂടി കഥകഴിക്കേണ്ടതായിരുന്നു. അല്ലെങ്കിൽ പാതയും പാഥേയവുമില്ലാതെ പലായനം ചെയ്യുമ്പോൾ മരുഭൂമിയിൽ തളർന്നു വീണു തീരേണ്ടതായിരുന്നു. അതുമല്ലെങ്കിൽ ഏതെങ്കിലും കൊള്ള സംഘം പിടികൂടി അടിമയാക്കേണ്ടതായിരുന്നു. പക്ഷേ, അദ്ദേഹം അവശനെങ്കിലും സുരക്ഷിതനായി മിദ്യാനിലെത്തുന്നു. അവിടെ ഒരു കുലീന കുടുംബത്തിന്റെ അഭയം ലഭിക്കുന്നു. ആ കുടുംബത്തിന്റെ മരുമകനായി സ്വസ്ഥമായ കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു. അല്ലാഹു അദ്ദേഹത്തെ ഒരു പ്രവാചകവര്യനും ഇസ്രാഈല്യരുടെ മോചകനുമാക്കാൻ തീരുമാനിച്ചിരുന്നു. ഗുരുതരമായ ആ ദൗത്യമേറ്റെടുക്കാൻ ദുർഘടമായ പാതയിലൂടെ അദ്ദേഹത്തെ നയിക്കുകയാണവൻ. ■